**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 5340** **25/10/2011 -ൽ മറുപടിക്ക്**

**സ്കൂൾ കുട്ടികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ.കെ. വിജയൻ | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) സ്കൂൾ കുട്ടികൾക്ക് അപകടം സംഭവിച്ചാൽ എന്തൊക്കെ സഹായങ്ങളാണ് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കാമോ ; | (എ) സർക്കാർ, എയ്ഡഡ് മേഖലയിൽ ഒന്നു മുതൽ പത്തു വരെ ക്ലാസ്സുകളിൽ പഠിക്കുന്ന സ്കൂൾ കുട്ടികൾക്കും ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി, ടെക്നിക്കൽ ഹൈസ്ക്കൂൾ എന്നീ വിഭാഗങ്ങളിൽ പഠിക്കുന്ന കുട്ടികൾക്കും എ.പി.എൽ., ബി.പി.എൽ വ്യത്യാസമില്ലാതെ ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നുണ്ട്. അപകടമരണം, മാരക രോഗം ബാധിച്ചുള്ള മരണം എന്നിവയ്ക്ക് 10,000/-രൂപയും അപകടത്തിൽ പരിക്കേൽക്കുന്ന കുട്ടികൾക്ക് പരിക്കിന്റെ തീവ്രത അനുസരിച്ചുള്ള ചികിത്സാ സഹായവും അനുവദിക്കുന്നുണ്ട്. എന്നാൽ ആത്മഹത്യ ചെയ്യുന്ന കുട്ടികളുടെ രക്ഷിതാക്കൾക്ക് ഇൻഷ്വറൻസ് ക്ലെയിം ലഭിക്കുന്നതിന് അർഹതയില്ല |
| (ബി) സ്കൂൾ കുട്ടികൾക്ക് നിലവിൽ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നുണ്ടോ ; | (ബി) ഉണ്ട്. സ്കൂൾ വിദ്യാർത്ഥികൾക്കായുള്ള സൗജന്യ അപകട ഇൻഷ്വറൻസ് പദ്ധതി പൊതു വിദ്യാഭ്യാസ വകുപ്പ് നേരിട്ട് നടത്തി വരുന്നു. 26/07/1989-ലെ സ.ഉ (സാധാ) നം. 127/89/ പൊ.വി.വ നമ്പർ പ്രകാരം 1989 ലാണ് ഈ പദ്ധതി ആരംഭിച്ചത്. ആരംഭകാലത്ത് പൊതുമേഖല ഇൻഷ്വറൻസ് കമ്പനികളുടെ സഹകരണത്തോടെയാണ് ഈ പദ്ധതി നടപ്പിൽ വരുത്തിയത്. 2003 മുതൽ പൊതു വിദ്യാഭ്യാസ വകുപ്പ് നേരിട്ട് ഈ പദ്ധതി നടത്തി വരുന്നു. |
| (സി) ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ ? | (സി) ബാധകമല്ല. |

സെക്ഷൻ ഓഫീസർ